**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3967** **03-03-2023 - ൽ മറുപടിയ്ക്ക്**

**നൂറനാട് ലെപ്രസി സാനറ്റോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലം ഉണ്ടെന്നും അവ എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്നും വിശദമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ നൂറനാട് ലെപ്രസി സാനറ്റേറിയത്തിന്റെ ഉടമസ്ഥതയിൽ ആകെ 161.19 ഏക്കർ സ്ഥലമാണുള്ളത്. ആയതിൽ താമരക്കുളം വില്ലേജിലുള്ള 77.98 ഏക്കർ ഭൂമി ലെപ്രസി സാനറ്റോറിയം ആശുപത്രി പ്രവർത്തിക്കുന്നതിന് ഉപയോഗിക്കുന്നു. അതിനു സമീപത്തായി 7.32 ഏക്കർ ഭൂമി അന്തേവാസികൾക്കുള്ള ശ്മശാനത്തിനും ഉപയോഗിക്കുന്നു. കൂടാതെ ടി വില്ലേജിലെ സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിലുള്ള 50 ഏക്കർ ഭൂമി 2040-41 വർഷം വരെ ITBP-ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.<br><br>നൂറനാട് വില്ലേജിൽ സാനട്ടോറിയത്തിന്റെ ഉടമസ്ഥതയിലുള്ള 4.89 ഏക്കർ ഭൂമിയിൽ കൃഷി ആവശ്യത്തിനുള്ള വെള്ളം പമ്പ് ചെയ്യുന്ന പൊതു കിണർ ഉണ്ട്. ബാക്കി സ്ഥലം തരിശ്ശായി കിടക്കുന്നു.<br><br>നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതും അടൂർ താലൂക്ക് പെരിങ്ങിനാട് വില്ലേജിൽ സ്ഥിതി ചെയ്യുന്നതുമായ 21 ഏക്കർ ഭൂമി അന്തേവാസികളുടെ പുനരധിവാസത്തിന് ഉപയോഗിക്കുന്നു.<br><br>കൂടാതെ 23/01/2023 ലെ സ.ഉ.(കൈ) നം. 14/2023/RD പ്രകാരം സാംസ്കാരിക വകുപ്പിന് 5 ഏക്കർ ഭൂമി കൃഷ്ണപിള്ള സ്മാരകം പണിയുന്നതിനായി ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലം ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | (ബി) | നൂറനാട് ലെപ്രസി സാനറ്റോറിയത്തിന്റെ സ്ഥലത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിന് നബാർഡ് RIDF ധനസഹായത്തിനായി സമർപ്പിച്ച 40.30 കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ച് |

| | | | |
|---|---|---|---|
| | | | ഒന്നാം ഘട്ടമായി 23.53 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായുള്ള മെയിൽ, ഫീമെയിൽ വാർഡുകളുടെ നിർമ്മാണം പൂർത്തീയായി. കൂടാതെ ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തികളുടെ അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ